| 20-09-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ- ബാബ വന്നിരിക്കുകയാണ് നിങ്ങൾ പഴയ ഭക്തർക്ക് ഭക്തിയുടെ ഫലം നൽകാൻ. ഭക്തിയുടെ ഫലമാണ് ജ്ഞാനം. ഇതിലൂടെയാണ് നിങ്ങളുടെ സദ്ഗതി ഉണ്ടാകുന്നത്.**

**ചോദ്യം-** പല കുട്ടികളും മുന്നോട്ടു പോകവേ അവനവന്റെ ഭാഗ്യത്തെ സ്വയം തന്നെ ഇല്ലാതാക്കുന്നു. എങ്ങിനെ?

**ഉത്തരം-** അഥവാ ബാബയുടേതായി മാറി സേവനം ചെയ്യുന്നില്ലെങ്കിലും അവനവനിലും, മറ്റുള്ളവരിലും ദയ കാണിക്കുന്നില്ല എങ്കിലും അവർ തന്റെ ഭാഗ്യത്തെ നശിപ്പിക്കുകയാണ്. അതായത് പദവി ഭ്രഷ്ടമാക്കുകയാണ്. നല്ല രീതിയിൽ പഠിക്കുകയാണെങ്കിൽ യോഗത്തിലിരിക്കുകയാണെങ്കിൽ പദവിയും നല്ലത് ലഭിക്കും. സേവാധാരി കുട്ടികൾക്ക് സേവനത്തോട് വളരെയധികം താൽപര്യം വേണം.

**ഗീതം-** ആരാണ് അതിരാവിലെ വന്നിരിക്കുന്നത് . . .

**ഓം ശാന്തി**. ആത്മീയ കുട്ടികൾ മനസ്സിലാക്കണം നമ്മൾ ആത്മാക്കളാണ് ശരീരമല്ല. ഈ ജ്ഞാനം പരംപിതാ പരമാത്മാവിൽ നിന്നും ഇപ്പോഴാണ് ലഭിക്കുന്നത്. ബാബ പറയുന്നു ഇപ്പോൾ ഞാൻ വന്നിരിക്കുന്നു എങ്കിൽ നിങ്ങൾ സ്വയത്തെ ആത്മാവാണെന്ന് നിശ്ചയിക്കൂ. ആത്മാവ് തന്നെയാണ് ശരീരത്തിൽ പ്രവേശിക്കുന്നത്. ഒരു ശരീരം ഉപേക്ഷിച്ച് രണ്ടാമത് എടുക്കുന്നത്. ആത്മാവിന് മാറ്റം സംഭവിക്കുന്നില്ല, ശരീരം മാറുന്നു. ആത്മാവ് അവിനാശിയാണ്, അപ്പോൾ സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ. ഈ ജ്ഞാനം ഒരിക്കലും ആർക്കും നൽകാൻ സാധിക്കില്ല. ബാബ കുട്ടികളുടെ വിളി കേട്ടാണ് വന്നത്. ഇത് പുരുഷോത്തമ സംഗമയുഗമാണെന്നുപോലും ആർക്കും അറിയില്ല. ബാബ വന്ന് മനസ്സിലാക്കിത്തരുന്നു എപ്പോഴാണോ മുഴുവൻ വിശ്വവും പുരുഷോത്തമമാകുന്നത് അപ്പോഴാണ് കൽപ്പത്തിലെ ഈ പുരുഷോത്തമ സംഗമയുഗത്തിൽ ഞാൻ വരുന്നത്. ഈ സമയം മുഴുവൻ വിശ്വവും കനിഷ്ഠവും പതിതവുമാണ്. സത്യയുഗത്തെ അമരപുരിയെന്നും ഇതിനെ മൃത്യുലോകം എന്നും പറയുന്നു. മൃത്യുലോകത്തിൽ ആസുരീയ അവഗുണങ്ങളുള്ള മനുഷ്യരാണ് ഉണ്ടാകുന്നത്, അമരലോകത്തിൽ ദൈവീക ഗുണങ്ങൾ ഉള്ളവരും. അതുകൊണ്ട് അവരെ ദേവത എന്നുപറയുന്നു. ഈ കലിയുഗത്തിലും നല്ല സ്വഭാവമുള്ളവരെ ഇവർ ദേവതകളെപ്പോലെയാണെന്ന് പറയാറുണ്ട്. ഈ സമയത്തുള്ളവർ മുഴുവനും ആസുരീയ അവഗുണങ്ങളുള്ള മനുഷ്യരാണ് പഞ്ചവികാരങ്ങളിൽ അകപ്പെട്ടവരാണ്. അതുകൊണ്ടാണ് എല്ലാവരും പാടുന്നത് ഈ ദുഖത്തിൽ നിന്നും വന്ന് മുക്തമാക്കൂ. ഒരു സീതയെ മാത്രമല്ല മോചിപ്പിച്ചത്. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ഭക്തരെയെല്ലാം സീതമാരെന്നും ഭഗവാനെ രാമനെന്നും പറയുന്നു. കാരണം ഭക്തർക്ക് ഫലം നൽകുന്നത് ഭഗവാനാണ്. ഈ പരിധിയില്ലാത്ത രാവണരാജ്യത്തിൽ മുഴുവൻ ലോകവും അകപ്പെട്ടിരിക്കുകയാണ്. അവരെ ഈ ലോകത്തിൽ നിന്നും മുക്തമാക്കി രാമരാജ്യത്തിലേക്ക് കൊണ്ടുപോകണം. രഘുപതി രാഘവ രാജാവായ രാമന്റെ കാര്യമല്ല. അവർ ത്രേതായുഗത്തിലെ രാജാവായിരുന്നു. അവരും ഇപ്പോൾ തമോപ്രധാന ജീർണ്ണിച്ച അവസ്ഥയിലാണ് ഉള്ളത്. ഏണിപ്പടി ഇറങ്ങി ഇറങ്ങി താഴേക്ക് വന്നു. പൂജ്യനിൽ നിന്നും പൂജാരിയായി മാറിക്കഴിഞ്ഞു. ദേവതകൾ ആരേയും പൂജിക്കുന്നവരല്ല. അവർ പൂജ്യനീയരാണ്. പിന്നീട് എപ്പോഴാണോ വൈശ്യരും ശൂദ്രനുമായിത്തീരുന്നത് അപ്പോഴാണ് പൂജ ആരംഭിക്കുന്നത്, വാമമാർഗ്ഗത്തിലേക്ക് വരുന്നതിലൂടെ പൂജാരിയാകുന്നു, പൂജാരികൾ, ദേവതകളുടെ ചിത്രത്തിനു മുന്നിൽ നമിക്കുന്നു, ഈ ലോകത്തിലുള്ള ഒരു മനുഷ്യനെപ്പോലും പൂജ്യനെന്ന് പറയില്ല. ഉയർന്നതിലും ഉയർന്ന ഭഗവാനാണ് പൂജ്യൻ പിന്നീട് സത്യയുഗീ ദേവതകളാണ് പൂജ്യർ. ഈ സമയത്ത് എല്ലാവരും പൂജാരികളാണ്, ആദ്യമാദ്യം ശിവന്റെ പൂജയുണ്ടാകുന്നു. അത് അവ്യഭിചാരീ പൂജയാണ്. അത് സതോപ്രധാന പൂജയായിരുന്നു. പിന്നീട് സതോ പൂജയായ ദേവീദേവതകളുടെ പൂജയിൽ നിന്നും താഴേക്കിറങ്ങി ജലത്തിന്റെ, മനുഷ്യരുടെ, പക്ഷികളുടെയെല്ലാം പൂജ ചെയ്യാൻ തുടങ്ങുന്നു. ഓരോ ദിവസം കൂടുന്തോറും അനേകരുടെ പൂജയാണ് ചെയ്യുന്നത്. ഇന്നത്തെക്കാലത്ത് ധാർമ്മിക സമ്മേളനങ്ങളും ഒരുപാട് ഉണ്ടാകുന്നുണ്ട്. ചിലപ്പോൾ ആദിസനാതന ധർമ്മത്തിലുള്ളവരുടെ, ഇടക്ക് ജൈനമതത്തിലുള്ളവരുടെ, ഇടക്ക് ആര്യസമാജത്തിലുള്ളവരുടെ. വളരെയധികം പേരെ ഈ സമ്മേളനത്തിനായി വിളിക്കാറുണ്ട് കാരണം ഓരോരുത്തരും അവരവരുടെ ധർമ്മത്തെ ഉയർന്നതായാണ് മനസ്സിലാക്കുന്നത്. ഓരോരോ ധർമ്മത്തിലും എന്തെങ്കിലും വിശേഷ ഗുണമുള്ളതു കാരണം അവർ സ്വയത്തെ ഉയർന്നവരാണെന്ന് മനസ്സിലാക്കുന്നു. ജൈനമതത്തിലും അവരുടെ തന്നെ അഞ്ചോ ഏഴോ വിധമുണ്ട്. അവരിൽ ചിലർ നഗ്നരായിരിക്കും, നഗ്നമായിരിക്കുന്നതിന്റെ അർത്ഥം മനസ്സിലാക്കുന്നില്ല.

ഭഗവാനുവാചാ നഗ്നം അർത്ഥം അശരീരിയായി വന്നിരുന്നു അശരീരിയായി തിരിച്ചു പോകണം. പക്ഷെ അവർ വസ്ത്രങ്ങൾ അഴിച്ച് നഗ്നരാകുന്നു. ഭഗവാനുവാചയുടെ യഥാർത്ഥ അർത്ഥം മനസ്സിലാക്കുന്നില്ല. ബാബ പറയുന്നു നിങ്ങൾ ആത്മാക്കൾ ഇവിടെ ശരീരം ധാരണ ചെയ്ത് പാർട്ട് അഭിനയിക്കാനാണ് വന്നിരിക്കുന്നത് ഇനി വീണ്ടും തിരിച്ചു പോകണം, ഈ കാര്യങ്ങളെല്ലാം നിങ്ങൾ കുട്ടികളാണ് മനസ്സിലാക്കുന്നത്. ആത്മാവ് തന്നെയാണ് പാർട്ട് അഭിനയിക്കാനായി ഇങ്ങോട്ട് വരുന്നത്, അതുകൊണ്ടാണ് വൃക്ഷം അഭിവൃദ്ധി പ്രാപിക്കുന്നത്.പല വിധത്തിലുള്ള പുതിയ പുതിയ ധർമ്മങ്ങൾ വന്നുകൊണ്ടിരിക്കുന്നു, ഇതിനെയാണ് വൈവിദ്ധ്യമാർന്ന നാടകമെന്ന് പറയുന്നത്. വിവിധ ധർമ്മങ്ങളുടെ വൃക്ഷവും ഉണ്ട്. ഇസ്ലാം ധർമ്മത്തിന് ഒരുപാട് ശാഖകളുണ്ട്. മുഹമ്മദ് നബിയും പിന്നീടാണ് വന്നത്. ആദ്യം എല്ലാവരും ഇസ്ലാമികളായിരുന്നു. മുസ്ലിം ധർമ്മത്തിലുള്ളവരുടെയും സംഖ്യ ധാരാളമാണ്, ആഫ്രിക്കയിൽ എത്ര സമ്പന്നരാണ് ഉള്ളത് ? അവിടെ വജ്ര-വൈഢൂര്യങ്ങളുടെ ഖനികൾ ഉണ്ട്. എവിടെയാണോ ധാരാളം ധനം കാണുന്നത് എല്ലാവരും അവിടേക്ക് പോയി ധനവാനാകുന്നു.ഇപ്പോൾ ക്രിസ്ത്യാനികൾ എത്ര ധനികരാണ്. ഭാരതത്തിലും ധനമുണ്ട് പക്ഷെ ഗുപ്തമാണ്. എത്ര സ്വർണ്ണമാണ് പിടിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ ഓരോ ദിക്കിലും ജൈനമതത്തിലുള്ളവർ സമ്മേളനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. കാരണം ഓരോരുത്തരും സ്വയത്തെ ഉയർന്നവരാണ് എന്നു മനസ്സിലാക്കുന്നു. ഇപ്പോൾ എത്ര ധർമ്മങ്ങളാണ് വർദ്ധിച്ചത്, ഇതിനെല്ലാത്തിനും വിനാശമുണ്ടാവുക തന്നെ വേണം. എല്ലാ ധർമ്മങ്ങളിലും വെച്ച് ഉയർന്നത് നിങ്ങളുടെ ബ്രാഹ്മണധർമ്മമാണ്. പക്ഷെ ഇതിനെക്കുറിച്ച് ആർക്കും അറിയുകയുമില്ല. കലിയുഗീ കുഖവംശാവലികളായ ബ്രാഹ്മണർ ധാരാളമുണ്ട്. പ്രജാപിതാ ബ്രഹ്മാവിന്റെ മുഖവംശാവലികളായ ബ്രാഹ്മണർ എല്ലാവരും സഹോദരീ-സഹോദരന്മാരായിരിക്കണം. അഥവാ ലൗകിക ബ്രാഹ്മണർ സ്വയത്തെ ബ്രഹ്മാവിന്റെ സന്താനങ്ങളാണെന്ന് മനസ്സിലാക്കുന്നുവെങ്കിൽ സഹോദരീ-സഹോദരനായി ജീവിക്കേണ്ടേ. പിന്നീട് ഒരിക്കലും വിവാഹം കഴിക്കാൻ സാധിക്കില്ല. അപ്പോൾ മനസ്സിലാക്കാൻ സാധിക്കും അവർ ബ്രഹ്മാമുഖവംശാവലികളല്ല, ബ്രാഹ്മണൻ എന്ന പേരുണ്ടെന്നു മാത്രം. വാസ്തവത്തിൽ നിങ്ങൾ ബ്രാഹ്മണർ ദേവതകളേക്കാളും ഉയർന്നതാണ്, കുടുമികളല്ല. നിങ്ങൾ ബ്രാഹ്മണർ തന്നെയാണ് മറ്റുള്ള മനുഷ്യരെപ്പോലും ദേവതകളാക്കുന്നത്. നിങ്ങളെ പഠിപ്പിക്കുന്ന ആൾ സ്വയം ജ്ഞാനസാഗരനായ പരംപിതാ പരമാത്മാവാണ്. പക്ഷെ ഇത് ആർക്കും തന്നെ അറിയില്ല. ബാബയുടെ അടുത്തേക്ക് വന്ന് ബ്രാഹ്മണനായി പിന്നെ നാളെ ശൂദ്രനാകുന്നു. പഴയ സംസ്കാരത്തെ പരിവർത്തനപ്പെടുത്താൻ വളരെ പ്രയാസമാണ്. സ്വയം ആത്മാവെന്ന് നിശ്ചയിച്ച് ബാബയിൽ നിന്നും സമ്പത്ത് നേടണം, ആത്മീയ അച്ഛനിൽ നിന്നും ആത്മീയ കുട്ടികൾ തന്നെയാണ് സമ്പത്തെടുക്കുന്നത്. ബാബയെ ഓർമ്മിക്കുന്നതിൽ തന്നെയാണ് മായയുടെ വിഘ്നവും ഉണ്ടാകുന്നത്. ബാബ പറയുന്നു കൈകളിലൂടെ കർമ്മങ്ങൾ ചെയ്തുകൊണ്ടും ഹൃദയം എന്റെ അടുത്തായിരിക്കണം. ഇത് വളരെ സഹജമാണ്. എങ്ങനെയാണോ പ്രിയതമക്കും പ്രിയതമനും പരസ്പരം കാണാതെ ജീവിക്കാൻ കഴിയാത്തത്. ബാബ പ്രിയതമനാണ്. പ്രിയതമകളായ നിങ്ങൾ കുട്ടികൾ ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കുന്നു. ഒരേയൊരു ബാബക്ക് മാത്രമാണ് ആരിലും ആകർഷണമുണ്ടാകാത്തത് കാരണം ബാബക്ക് മുകളിലായി മറ്റാരും തന്നെയില്ല. ബാക്കി ബാബ കുട്ടികളുടെ മഹിമ പാടാറുണ്ട്, നിങ്ങൾ എല്ലാവരും ഭക്തിമാർഗ്ഗം മുതൽക്കുള്ള എന്റെ പ്രിയതമകളാണ്. വരൂ വന്ന് ദുഖത്തിൽ നിന്ന് മുക്തമാക്കി പാവനമാക്കൂ എന്ന് പറഞ്ഞാണ് വിളിക്കുന്നത്. നിങ്ങൾ എല്ലാവരും വധുക്കളാണ് ഞാൻ വരനാണ്. നിങ്ങൾ എല്ലാവരും ആസുരീയ ജയിലിൽ അകപ്പെട്ടിരിക്കുകയാണ്, ഞാൻ വന്ന് അതിൽ നിന്നും മുക്തമാക്കുന്നു. ഇവിടെ ഒരുപാട് പ്രയത്നമുണ്ട്. വികാരീദൃഷ്ടി ചതിക്കുന്നു. ഇതിനെ നിർവികാരീ ദൃഷ്ടിയാക്കുന്നതിലും പ്രയത്നമുണ്ട്. ദേവതകൾക്ക് എത്ര നല്ല സംസ്കാരമാണുള്ളത്, ഇതുപോലെ ദേവതയാക്കി മാറ്റാനും ആരെങ്കിലും വേണ്ടേ.

സമ്മേളനത്തിൽ ഇങ്ങനെയുള്ള ടോപ്പിക്ക് വെക്കണം - മാനവജീവിതത്തിൽ ധർമ്മത്തിന്റെ ആവശ്യമുണ്ട് - ഡ്രാമയെ അറിയാത്തതു കാരണം എല്ലാവരും സംശയിച്ചിരിക്കുന്നു. നിങ്ങൾക്കല്ലാതെ മറ്റാർക്കും ഇതിനെക്കുറിച്ച് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കില്ല. ക്രിസ്ത്യാനികൾക്കോ ബുദ്ധമതത്തിലുള്ളവർക്കോ അറിയില്ല ഈ ക്രൈസ്റ്റും ബുദ്ധനും ഇനി എപ്പോഴാണ് വരുന്നതെന്നതിന്റെ കണക്കിനെക്കുറിച്ച് നിങ്ങൾക്ക് പെട്ടെന്നു തന്നെ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. നിങ്ങൾ മനസ്സിലാക്കിക്കൊടുക്കണം മനുഷ്യജീവിതത്തിൽ തീർച്ചയായും ധർമ്മത്തിന്റെ ആവശ്യമുണ്ട്. ആദ്യം ഏത് ധർമ്മം വന്നു പിന്നീട് ഏതെല്ലാം ധർമ്മങ്ങൾ വന്നു എന്ന് സനാതന ധർമ്മത്തിലുള്ളവർ തന്നെ പൂർണ്ണമായും മനസ്സിലാക്കുന്നില്ല. പൂർണ്ണ യോഗമില്ല. യോഗത്തിലൂടെയല്ലാതെ ശക്തി ലഭിക്കില്ല. വാളിന് മൂർച്ചയുണ്ടാകില്ല. ബാബയെ സർവ്വശക്തനെന്ന് പറയാറുണ്ട് നിങ്ങൾ എത്ര ശക്തിശാലിയായാണ് മാറുന്നത്, വിശ്വത്തിലെ അധികാരിയാകുന്നു. നിങ്ങളുടെ രാജ്യത്തെ ആർക്കും തട്ടിയെടുക്കാൻ സാധിക്കില്ല. സത്യയുഗം ഉണ്ടായിരുന്നപ്പോൾ മറ്റൊരു ഖണ്ഡവും ഉണ്ടായിരുന്നില്ല. ഇപ്പോൾ എത്ര ഖണ്ഡമാണ്. ഈ സൃഷ്ടി ചക്രം എങ്ങനെയാണ് കറങ്ങുന്നത് ?.. ഇത് 5000 വർഷത്തിന്റെ ചക്രമാണ്, ബാക്കി

സൃഷ്ടിയുടെ നീളം വലുപ്പം ഇതൊന്നും ഭൂപടത്തിലേക്കാക്കാൻ കഴിയില്ല. ഭൂമിയുടെ ഭൂപടം ഉണ്ടാക്കാറുണ്ട്. സാഗരത്തിന്റെ സാധിക്കില്ല. ആകാശത്തിന്റേയും സാഗരത്തിന്റേയും അളവ് എടുക്കാൻ കഴിയില്ല. അപ്പോൾ നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ കഴിയണം, ഇവിടെ ധർമ്മത്തിന്റെ ആവശ്യം എന്തിനാണ്? മുഴുവൻ ചക്രവും ധർമ്മത്തിന്റെ ആധാരത്തിലാണ് ഉണ്ടാകുന്നത്. കൽപവൃക്ഷം വിവിധ ധർമ്മങ്ങളുടെ വൃക്ഷമാണ്, ഈ വൃക്ഷം അന്ധന്മാരുടെ മുന്നിൽ കണ്ണാടിയാണ്.

നിങ്ങളിപ്പോൾ പുറമേ സേവനത്തിനുവേണ്ടി പോകുന്നുണ്ട്, പതുക്കെപ്പതുക്കെ നിങ്ങളുടെ അഭിവൃദ്ധിയുണ്ടാകുന്നു. കൊടുങ്കാറ്റ് അടിക്കുന്നതിലൂടെ ഒരുപാട് ഇലകൾ കൊഴിഞ്ഞുവീഴുന്നു. മറ്റുള്ള ധർമ്മത്തിലൊന്നും കൊടുങ്കാറ്റ് അടിക്കുന്നതിന്റെ കാര്യം തന്നെയില്ല. അവർക്ക് മുകളിൽ നിന്നും വന്നേ മതിയാകൂ, ഇവിടെ നിങ്ങളുടെ സ്ഥാപന വളരെ അത്ഭുതകരമാണ്. ആദ്യമാദ്യം വന്ന ഭക്തർക്കാണ് ഭഗവാൻ ഫലം നൽകുന്നത്, അവരെയാണ് വീട്ടിലേക്ക് കൊണ്ടുപോകുന്നത്. ആത്മാക്കളായ ഞങ്ങളെ തന്റെ വീട്ടിലേക്ക് കൊണ്ടുപോകൂ എന്നു പറഞ്ഞാണ് വിളിച്ചത്. ബാബ സ്വർഗ്ഗീയ രാജ്യഭാഗ്യമാണ് നൽകുന്നതെന്ന് ആർക്കും അറിയില്ല. സന്യാസിമാർ സുഖത്തെ അംഗീകരിക്കില്ല. അവർ ആഗ്രഹിക്കുന്നത് മോക്ഷമാണ്. മോക്ഷത്തെ ഒരിക്കലും സമ്പത്ത് എന്നു പറയില്ല. സ്വയം ശിവബാബക്കും പാർട്ട് അഭിനയിക്കേണ്ടതായി വരുന്നു. അപ്പോൾ പിന്നെ മറ്റുള്ളവർക്ക് എങ്ങനെ മോക്ഷം ലഭിക്കാനാണ്. നിങ്ങൾ ബ്രഹ്മാകുമാർ-കുമാരിമാർക്ക് തന്റെ ധർമ്മത്തെക്കുറിച്ചും മറ്റ് ധർമ്മങ്ങളെക്കുറിച്ചും അറിയാം. നിങ്ങൾക്ക് മറ്റുള്ളവരുടെ മേൽ ദയ തോന്നണം. ചക്രത്തിന്റെ രഹസ്യത്തെക്കുറിച്ചും മനസ്സിലാക്കികൊടുക്കണം. അവരോട് പറയൂ നിങ്ങളുടെ ധർമ്മസ്ഥാപകർ അവരവരുടെ സമയത്തിനനുസരിച്ച് വരുന്നു. മനസ്സിലാക്കിക്കൊടുക്കുന്നവരും സമർത്ഥശാലികളായിരിക്കും. നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും ഓരോരുത്തർക്കും തന്റെ സതോപ്രധാന അവസ്ഥയിൽ നിന്നും സതോ രജോ തമോവിലേക്ക് വരുകതന്നെ വേണം. ഇപ്പോൾ രാവണരാജ്യമാണ് സത്യമായ ഗീതയാണ് ബാബ കേൾപ്പിക്കുന്നത്. ഭഗവാൻ നിരാകാരനാണ്. നിരാകാരീ ആത്മാവ് ഗോഡ്ഫാദറെ വിളിക്കുന്നു. ശാന്തിധാമത്തിൽ നിങ്ങൾ ആത്മാക്കൾ വസിക്കുന്നു. നിങ്ങളെ ഒരിക്കലും പരമാത്മാവ് എന്നു പറയില്ല. പരമാത്മാവ് ഒന്നാണ് ഉയർന്നതിലും ഉയർന്നത് ഭഗവാനാണ്, പിന്നെ എല്ലാ ആത്മാക്കളും കുട്ടികളാണ്. സർവ്വരുടേയും സദ്ഗതി ദാതാവ് ഒരാളാണ് പിന്നീട് വരുന്നത് ദേവതകൾ. അതിലും നമ്പർ വൺ കൃഷ്ണനാണ് കാരണം ആത്മാവും ശരീരവും രണ്ടും പവിത്രമാണ്. നിങ്ങൾ ഇപ്പോൾ സംഗമയുഗികളാണ് നിങ്ങളുടെ ജീവിതമാണ് അമൂല്യം ദേവതകളുടേതല്ല, ബ്രാഹ്മണരുടെ ജീവിതമാണ് അമൂല്യം. ഭഗവാൻ നിങ്ങളെ തന്റെ കുട്ടിയാക്കി മാറ്റുന്നു. പിന്നീട് നിങ്ങളുടെ മേൽ ധാരാളം പ്രയത്നിക്കുന്നു, ദേവതകൾക്കാർക്കും തന്നെ ഇത്രയും പ്രയത്നമില്ല. അവർ കുട്ടികളെ പഠിപ്പിക്കാനായി സ്കൂളിലേക്കയക്കുന്നു. ഇവിടെ ബാബ നിങ്ങളെ പഠിപ്പിക്കുന്നു. ബാബ നമ്മുടെ അച്ഛനാണ് ടീച്ചറാണ് ഗുരുവാണ്. അപ്പോൾ എത്ര ബഹുമാനം ഉണ്ടായിരിക്കണം. സേവാധാരി കുട്ടികൾക്ക് സേവനത്തോട് വളരെയധികം താൽപര്യം വേണം. വളരെ സമർത്ഥരായി സേവനത്തിൽ മുഴുകുന്ന കുറച്ചു പേരേ ഉള്ളൂ. സഹയോഗികൾ(കൈകൾ) ആവശ്യമല്ലേ. യുദ്ധമൈതാനത്തിലേക്ക് പോകുന്നതിനു വേണ്ടി ആരെയെല്ലാമാണോ വിദ്യ അഭ്യസിപ്പിക്കുന്നത് അവർ തന്റെ ജോലിയും വേലയുമെല്ലാം ഉപേക്ഷിക്കുന്നു. അവരുടെ അടുത്ത് ലിസ്റ്റും ഉണ്ടാകും. പിന്നീട് സൈന്യം മൈതാനത്തിലേക്ക് പോകുന്നതിനെ ആർക്കും തടയാൻ സാധിക്കില്ല. ഡ്രിൽ അഭ്യസിപ്പിച്ചു കൊടുത്താൽ അത്യാവശ്യമുള്ളപ്പോൾ വിളി വരും. തടയാൻ ശ്രമം നടത്തുന്നവരുടെ മേൽ കേസെടുക്കുന്നു. ഇവിടെ അങ്ങനെയുള്ള കാര്യമൊന്നുമില്ല. ഇവിടെ ആരാണോ നല്ല രീതിയിൽ സേവനം ചെയ്യാത്തത് അവരുടെ പദവി ഭ്രഷ്ടമാകുന്നു. സേവനം ചെയ്യുന്നില്ലെങ്കിൽ സ്വയം അവനവനെത്തന്നെ നശിപ്പിക്കുകയാണ്. പദവി ഭ്രഷ്ടമാകുന്നു. തന്റെ ഭാഗ്യത്തെയാണ് നശിപ്പിക്കുന്നത്. നല്ല രീതിയിൽ പഠിക്കുകയാണെങ്കിൽ, യോഗത്തിലിരിക്കുകയാണെങ്കിൽ നല്ല പദവി ലഭിക്കുന്നു. തന്റെ മേൽ ദയ കാണിക്കണം. അവനവന്റെ മേൽ ദയ കാണിക്കുകയാണെങ്കിൽ മറ്റുള്ളവരുടെ മേലും ദയ കാണിക്കുവാൻ സാധിക്കും. ബാബ ഓരോ പ്രകാരത്തിലുള്ള യുക്തികളും പറഞ്ഞു തരുന്നു. ഈ വിശ്വനാടകം എങ്ങനെയാണ് കറങ്ങുന്നത്. രാജധാനി എങ്ങനെയാണ് സ്ഥാപിക്കുന്നത്. ഇതൊന്നും ആർക്കും അറിയില്ല. നിങ്ങൾക്ക് മറ്റുള്ളവരിൽനിന്നും ക്ഷണം ലഭിക്കുന്നുണ്ട് പക്ഷെ 5-10 മിനിട്ടിനുള്ളിൽ എന്ത് മനസ്സിലാക്കിക്കൊടുക്കാനാണ്. ഒന്ന്-രണ്ട് മണിക്കൂർ നൽകുകയാണെങ്കിൽ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. ഡ്രാമയെക്കുറിച്ച് തീർത്തും ആർക്കും അറിയുന്നില്ല. നല്ല നല്ല പോയിന്റുകൾ എവിടെന്നെല്ലാമാണോ ലഭിക്കുന്നത് അതെല്ലാം എഴുതിവെക്കണം. പക്ഷെ കുട്ടികൾ മറന്നു പോകുന്നു. ബാബ രചയിതാവാണ്, നിങ്ങൾ കുട്ടികളെയാണ് രചിക്കുന്നത്. ബാബ നമ്മെ തന്റേതാക്കി മാറ്റി ഡയറക്ടറായി (സംവിധായകൻ) ഡയറക്ഷൻ (നിർദ്ദേശം) നൽകിക്കൊണ്ടിരിക്കുകയാണ്. ശ്രീമതവും നൽകുന്നു പാർട്ട് അഭിനയിക്കുകയും ചെയ്യുന്നു. ജ്ഞാനവും കേൾപ്പിക്കുന്നു. ജ്ഞാനം കേൾപ്പിക്കുന്നത് ബാബയുടെ ഏറ്റവും ശ്രേഷ്ഠമായ അഭിനയമാണ്. നാടകത്തിലെ

രചയിതാവ്, സംവിധായകൻ, മുഖ്യ അഭിനേതാവ് ഇവരെക്കുറിച്ച് അറിയുന്നില്ലെങ്കിൽ പിന്നെ എന്താണർത്ഥം? ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരികെ കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാ-പിതാവായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാലവന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം -**

1. ഈ അമൂല്യ ജീവിതത്തിൽ പഠിപ്പിക്കുന്ന ടീച്ചറെ വളരെയധികം ബഹുമാനിക്കണം. പഠിപ്പിൽ നല്ല സമർത്ഥരായി മാറി സേവനത്തിൽ മുഴുകണം. സ്വയം തന്റെ മേൽ ദയ കാണിക്കണം.

2. സ്വയത്തെ ഉദ്ധരിക്കുന്നതിനു വേണ്ടി നിർവികാരിയായി മാറണം. തന്റെ സംസ്കാരത്തെ നല്ലതാക്കണം. മനുഷ്യരെ ദേവതയാക്കാനുള്ള സേവനം ചെയ്യണം.

## വരദാനം- ആത്മീയഡ്രില്ലുകളുടെ അഭ്യാസത്തിലൂടെ അന്തിമ പരീക്ഷയിൽ പാസാകുന്ന സദാശക്തിശാലിയായി ഭവിക്കട്ടെ.

വർത്തമാനസമയത്ത് എങ്ങിനെയാണോ ശരീരത്തിന്റെ എല്ലാ അസുഖങ്ങൾക്കുമുള്ള ചികിത്സ എക്സർസൈസിലൂടെ ലഭിക്കുന്നത് അതുപോലെതന്നെ ആത്മാവിനെ സദാ ശക്തിശാലിയാക്കി വെക്കാനായി ആത്മീയ എക്സർസൈസുകൾ ആവശ്യമാണ്.നാലുഭാഗത്തും എത്രതന്നെ ഇളകിമറിഞ്ഞ അന്തരീക്ഷമാണെങ്കിലും ശബ്ദത്തിലിരുന്നുകൊണ്ടും ശബ്ദത്തിനുപരിയായ സ്ഥിതിയുടെ അഭ്യാസം ചെയ്യണം. മനസ്സിനെ എവിടെ ,എത്ര സമയം നിർത്താനാഗ്രഹിക്കുന്നുവോ അത്രയും സമയം അവിടെ നിർത്തണം -അപ്പോൾ ശക്തിശാലിയായി മാറി ഫൈനൽ പേപ്പറിൽ പാസാകാൻ സാധിക്കും.

## സ്ലോഗൻ- തന്റെ വികാരി സ്വഭാവം, സംസ്ക്കാരം, കർമ്മം എന്നിവയെ സമർപ്പണം ചെയ്യുന്നതുതന്നെയാണ് സമർപ്പിതമാകുന്നതിന്റെ അർത്ഥം.

**അവ്യക്തസൂചന-ഇപ്പോൾ സ്നേഹത്തിന്റെ അഗ്നിയെ ജ്വലിപ്പിച്ച് യോഗത്തെ ജ്വാലാരൂപമാക്കി മാറ്റൂ..**
താങ്കൾ കുട്ടികളുടെ ഓർമ്മ എതുവരെ ജ്വാലാരൂപമാകുന്നില്ലയോ അതുവരെ ഈ വിനാശത്തിന്റെ ജ്വാലയും സമ്പൂർണ്ണ ജ്വാലാരൂപമായി മാറില്ല.അത് ചുറ്റിത്തിരിയുന്നു ,പിന്നെ ശീതളമാകുന്നു. കാരണം ജ്വാലാമൂർത്തികളും പ്രേരണ നൽകുന്ന ആധാരമൂർത്തികളുമായ ആത്മാക്കൾ ഇപ്പോഴും സ്വയം സദാ ജ്വാലാരൂപമായി മാറിയിട്ടില്ല.ഇപ്പോൾ ജ്വാലാരൂപമായി മാറാനുള്ള ദൃഢസങ്കൽപമെടുത്ത് സംഘടിതരൂപത്തിൽ മനസ്സിനേയും ബുദ്ധിയേയും ഏകാഗ്രമാക്കി പവർഫുൾ ആയ യോഗത്തിന്റെ വൈബ്രേഷൻസിനെ നാനാഭാഗത്തേക്കും വ്യാപിപ്പിക്കുക.